നൽകിയതിനെത്തുടർന്ന് വിദ്യാർത്ഥികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും വനിതാ കമ്മീഷനും നിവേദനം നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളടക്കമുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപികമാർക്കും വിദ്യാർത്ഥിനികൾക്കും സാരി, ബ്ലൗസ് ഇടാതെ ചുരിദാർ/ സൽവാർ കമ്മീസ് തുടങ്ങിയ വസ്ത്രങ്ങൾ ധരിച്ചു വരുന്നതിന് അനുവദനീയമാണെന്ന 4-2-2008-ലെ 68725/ജി3/07/പൊ.വി. സർക്കുലർ ബാധകമാക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെടുമങ്ങാട് കോളേജിന് പേര് പുതുക്കി നൽകൽ

11 (3729) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമങ്ങാട് സർക്കാർ കോളേജിന് സ്വാതന്ത്ര്യ സമര സേനാനിയും മുൻ എം.പി.-യും ദീർഘകാലം നെടുമങ്ങാട് എം.എൽ.എ.-യും ആയിരുന്ന ശ്രീ. കെ. വി. സുരേന്ദ്രനാഥിന്റെ പേര് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കമ്മ്യൂണിറ്റി കോളേജുകൾ

12 (3731) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംരംഭം ആരംഭിച്ചത്.

(സി) അഞ്ച് കോളേജുകളിൽ ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, പ്രിന്റിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്/ഹോട്ടൽ മാനേജ്മെന്റ് എന്നീ കോഴ്സുകൾ അതാത് മേഖലയിലെ വ്യവസായ പ്രമുഖരുടെ സഹകരണത്തോടെ നടത്തുന്നു.

ഈ പദ്ധതിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾ:

I. ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്:

1. പോത്തൻസ് ഹോണ്ട പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം
2. പോത്തൻസ് ഹ്യുണ്ടായി, മരുതൂർ, തിരുവനന്തപുരം
3. പോത്തൻസ് ഹ്യുണ്ടായി, മൂന്നാംകുറ്റി, കൊല്ലം
4. പോപ്പുലർ മോട്ടോഴ്സ്, മലപ്പുറം.

II. ഹോട്ടൽ മാനേജ്മെന്റ്:

1. ഉദയ സ്യൂട്ട്സ്, ശംഖുമുഖം, തിരുവനന്തപുരം.

III പ്രിന്റിംഗ് ടെക്നോളജി:

1. കേരള പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.

(ഡി) കമ്മ്യൂണിറ്റി കോളേജ് സ്കീമിന് യു.ജി.സി. ധനസഹായം ലഭിക്കുന്നുണ്ട്. അഞ്ച് മേഖലകളിലായി ആർട്സ് ആന്റ് സയൻസ് കോളേജുകളായ ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, പെരിന്തൽമണ്ണ, പട്ടാമ്പി എന്നിവിടങ്ങളിലാണ് ഈ സ്കീം നടപ്പിലാക്കിയിരിക്കുന്നത്. 2014-ൽ ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ വച്ച് സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടു. ഈ സ്കീമിന്റെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ് നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് പ്രതിമാസ അവലോകനവും നടത്തിവരുന്നുണ്ട്.

സ്കൂൾ പി.റ്റി.എ. തെരഞ്ഞെടുപ്പ്

13 (3734) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പി.റ്റി.എ. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചട്ടം നിലവിലുണ്ടോ ; എങ്കിൽ ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly